സഹകരണ മേഖലയും നബാർഡും

93 (433) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയും നബാർഡും സംയുക്തമായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) നബാർഡ് നൽകുന്ന ഫണ്ടിന്റെ പൂർണ്ണമായ വിനിയോഗം സഹകരണ മേഖലയിൽ സാധ്യമാകുന്നുണ്ടോ ; വിശദാംശം നൽകാമോ ;

(സി) പ്രസ്തുത ഫണ്ട് വിനിയോഗത്തിലെ പോരായ്മകൾമൂലം സഹകരണ മേഖല നേരിടുന്ന പ്രതിസന്ധി വിശദമാക്കാമോ ;

(ഡി) നബാർഡ് ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിന് സഹകരണ മേഖല പുതിയ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകാമോ ?

<u>ഉത്തരം</u>

(എ) സഹകരണ മേഖലയും നബാർഡും സംയുക്തമായി യാതൊരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. എന്നാൽ പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കായുള്ള ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഓഹരിയിനത്തിൽ വായ്പാ സംഘങ്ങൾ/ബാങ്കുകൾക്ക് നബാർഡ് ധനസഹായം നൽകിവരുന്നുണ്ട്.

(ബി) സാധ്യമാകുന്നുണ്ട്. അനുവദിച്ച ധനസഹായം ഉപയോഗിച്ച് സംഘങ്ങളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഫണ്ട് വിനിയോഗത്തിൽ പോരായ്മയില്ല.

(ഡി) നബാർഡ് ഫണ്ട് പൂർണ്ണമായി വിനിയോഗിക്കുന്നതിന് പുതിയ കർമ്മ പദ്ധതികൾ ആവിഷ്കരിക്കേണ്ട സാഹചര്യം നിലവിലില്ല. ഫണ്ട് ലഭിക്കുകയാണെങ്കിൽ അത് പൂർണ്ണമായി വിനിയോഗിക്കുവാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly